2024
MAY
07
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ലോക്സഭാ തിരഞ്ഞെടുപ്പ് മൂന്നാം ഘട്ടം ഇന്ന്

**ന്യൂഡൽഹി:** ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മൂന്നാം ഘട്ട വോട്ടെടുപ്പിന് തുടക്കം. പത്ത് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 93 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുന്നത്. അസം (4), ബിഹാർ (5), ഛത്തീസ്ഗഢ് (7), ഗോവ (2), ഗുജറാത്ത് (25), കർണാടക (14), മധ്യപ്രദേശ് (8), മഹാരാഷ്ട്ര (11), ഉത്തർപ്രദേശ് (10), പശ്ചിമബംഗാൾ (4) സംസ്ഥാനങ്ങൾക്കുപുറമേ കേന്ദ്രഭരണപ്രദേശങ്ങളായ ദാദ്ര ആൻഡ് നാഗർഹവേലി (2), ദാമൻ ആൻഡ് ദിയു (2) എന്നിവിടങ്ങളിലും ഇന്ന് വോട്ടെടുപ്പ് നടക്കും.

## നഴ്സിങ് പഠനം കഴിഞ്ഞ് ഒരു വർഷത്തെ നിർബന്ധിത പരിശീലനം വേണ്ട

**ന്യൂഡൽഹി:** നഴ്സിങ് പഠനം കഴിഞ്ഞുള്ള ഒരുവർഷത്തെ നിർബന്ധിത പരിശീലനം വേണ്ടെന്ന് സുപ്രീംകോടതി. നിർബന്ധിത പരിശീലനം വേണ്ടെന്ന കേരള സർക്കാർ തീരുമാനം സുപ്രീംകോടതി ശരിവച്ചു. നാലുവർഷത്തെ പഠനത്തിനിടെ ആറുമാസം പരിശീലനം ലഭിക്കുന്നുണ്ടെന്നായിരുന്നു സ്വകാര്യ ആശുപത്രികളുടെ ഹർജി തള്ളിക്കൊണ്ട് സുപ്രീംകോടതി വ്യക്തമാക്കിയത്.

## നടി കനകലത അന്തരിച്ചു



**തിരുവനന്തപുരം:**നടി കനകലതഅന്തരിച്ചു. പാർക്കിൻസൺ അസുഖത്തെ തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു അന്ത്യം. ഇന്നലെ രാത്രിയാണ് തിരുവനന്തപുരത്തെ വീട്ടിൽ വച്ച് കനകലത അന്തരിച്ചത്. സിനിമാരംഗത്ത് നിന്നും ഏറെക്കാലമായി മാറി നിൽക്കുകയായിരുന്ന കനകലതയുടെ അവസാന ചിത്രം പൂക്കാലമാണ്.350 ഓളം സിനിമയിൽ വേഷമിട്ടു. കിരീടം, ചെങ്കോൽ, കൗരവർ, പൊന്തൻമാട , അനിയത്തി പ്രാവ് തുടങ്ങിയവ ശ്രദ്ദേയ ചിത്രങ്ങൾ. സംസ്കാരം ഇന്ന്. രാവിലെ 11 മണിയോടെ തൈക്കാട് ശാന്തികവാടത്തിലാണ് സംസ്കാരം നടക്കുക.

# നിരോധിത സംഘടനയിൽനിന്ന് പണം വാങ്ങി; കേജരിവാളിനെതിരെ അന്വേഷണത്തിന് എൻഐഎ

- നിരോധിത സിഖ് സംഘടനയായ സിഖ്സ് ഫോർ ജസ്റ്റിസിൽ 134 കോടി കൈപ്പറ്റി
- 2014 മുതൽ 2022 വരെ വിദേശത്തുള്ള ഖലിസ്താൻ സംഘടനകളിൽനിന്ന് ആംആദ്മി പാർട്ടി പണം സ്വീകരിച്ചു

**ന്യൂഡൽഹി:** നിരോധിത സംഘടനയിൽ നിന്ന് പണം വാങ്ങിയെന്ന പരാതിയിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിനെതിരെ എൻഐഎ അന്വേഷണത്തിന് ശിപാർശ.

നിരോധിത സിഖ് സംഘടനയായ സിഖ്സ് ഫോർ ജസ്റ്റിസിൽ നിന്ന് പണം കൈപ്പറ്റിയെന്ന പരാതിയിൽ ഡൽഹി ലഫ്റ്റനൻറ് ഗവർണർ വി.കെ.സക്സേനയാണ് അന്വേഷണത്തിന് ശിപാർശ ചെയ്തിരിക്കുന്നത്.

ഖലിസ്താൻ വിഘടനവാദി നേതാവ് ഗുർപത്‌വന്ത് സിംഗ് പന്നൂൻറെ സംഘടനയിൽ നിന്ന് 134 കോടി രൂപ കൈപ്പറ്റിയെന്ന് ആരോപിച്ച് വേൾഡ് ഹിന്ദു ഫെഡറേഷൻ ദേശീയ ജനറൽ സെക്രട്ടറി അഷൂ മൊംഗിയാണ് പരാതി നൽകിയത്.

പരാതി കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്ക് കൈമാറിക്കൊണ്ടുള്ള കത്തിലാണ് എൻഐഎ അന്വേഷണത്തിന് ലഫ്റ്റനൻറ് ഗവർണർ നിർദേശം നൽകിയിരിക്കുന്നത്. അതേസമയം ലഫ്റ്റനൻറ് ഗവർണർ വി.കെ.സക്സേനയ്ക്കെതിരെ രൂക്ഷ പ്രതികരണമായി ആംആദ്മി പാർട്ടി നേതാക്കൾ രംഗത്തെത്തി.



2014 മുതൽ 2022 വരെ വിദേശത്തുള്ള ഖലിസ്താൻ സംഘടനകളിൽനിന്ന് ആംആദ്മി പാർട്ടി പണം സ്വീകരിച്ചുവെന്ന് ആരോപിച്ച് സിഖ്സ് ഫോർ ജസ്റ്റിസ് തലവൻ വീഡിയോസന്ദേശം പുറത്തുവിട്ടിരുന്നു.

# അടിസ്ഥാന സൗകര്യ വികസനം: വായ്പയ്ക്ക് ആർബിഐ നിയന്ത്രണം

**കൊച്ചി:** അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വലിയ പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതിന് റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ ശക്തമാക്കി. സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകുന്നതിനായി കേന്ദ്ര സർക്കാർ ഉദാരമായ സമീപനം സ്വീകരിച്ചതോടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വലിയ പദ്ധതികളുടെ എണ്ണം കുതിച്ചുയർന്നതോടെയാണ് ഈ മേഖലയ്ക്ക് സുരക്ഷിതത്വം പകരാനായി റിസർവ് ബാങ്ക് പുതിയ നിബന്ധനകൾ ഏർപ്പെടുത്തുന്നത്.

മുൻകാലങ്ങളിൽ അടിസ്ഥാന സൗകര്യ, ഭവന മേഖലകളിൽ നൽകിയ വായ്പകൾ പലതും കിട്ടാക്കടങ്ങളായി മാറിയിരുന്നു. ഈ സാഹചര്യം ഒഴിവാക്കാനായി. പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ അനുവദിക്കുന്ന വായ്പയിൽ അഞ്ച് ശതമാനം തുക ബാങ്കുകൾ പ്രത്യേകമായി നീക്കിവയ്ക്കണമെന്ന്(പ്രൊവിഷനിങ്) റിസർവ് ബാങ്ക് കഴിഞ്ഞ ദിവസം പുറത്തിറക്കിയ കരട് നയത്തിൽ വ്യക്തമാക്കുന്നു. വായ്പയെടുക്കുന്ന കമ്പനികളുടെ ധന സ്ഥിരത കണക്കിലെടുത്ത് മാത്രമേ ഈ തുക പിൻവലിക്കാൻ അനുവദിക്കാൻ കഴിയൂ. കമ്പനികൾ ധന പ്രതിസന്ധിയിലേക്ക് നീങ്ങുന്നുണ്ടോ എന്ന് നിരീക്ഷിക്കണമെന്നും റിസർവ് ബാങ്ക് നിർദേശിക്കുന്നു.




പദ്ധതി പൂർണമായും പ്രവർത്തന സജ്ജമാകുമ്പോൾ 2.5 ശതമാനം തുക കൂടി മടക്കി നൽകും. ബാങ്കുകളുടെ വായ്പ തിരിച്ചടയ്ക്കാൻ കഴിയും വിധം പദ്ധതിയിൽ വരുമാനം ലഭിക്കുന്നതോടെ മൊത്തം മാറ്റിവയ്ക്കുന്ന തുക ഒരു ശതമാനമായി കുറയ്ക്കണം. നിലവിൽ പ്രോജക്ടുകളിൽ നൽകുന്ന ബാങ്ക് വായ്പകളിൽ 0.4 ശതമാനം പ്രൊവിഷനിങ്ങിനായി മാറ്റിവയ്ക്കുന്നത്.

റിസർവ് ബാങ്കിൻറെ കരുതൽ നടപടികൾ വായ്പാ വിതരണത്തെയും ലാഭക്ഷമതയെയും ബാധിക്കുമെന്ന ആശങ്കയിൽ പൊതുമേഖലാ ബാങ്കുകളുടെ ഓഹരി വില കനത്ത വില്പന സമ്മർദം നേരിട്ടു. പഞ്ചാബ് നാഷണൽ ബാങ്ക്, കനറ ബാങ്ക്, ബാങ്ക് ഒഫ് ബറോഡ, യൂണിയൻ ബാങ്ക് എന്നിവയുടെ ഓഹരി വിലയിൽ നാല് ശതമാനം ഇടിവുണ്ടായി. ആർഇസി, പവർ ഫിനാൻസ്, ഐആർഇഡിഎ തുടങ്ങിയ ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ ഓഹരികളും ഇടിവ് നേരിട്ടു.






**വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട കേന്ദ്രങ്ങളാക്കരുതെന്നാവശ്യപ്പെട്ട് കെവിവിഇഎസ് യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കണയന്നൂർ താലൂക്കിലെ ഡിഇഒ ഓഫിസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് കെവിവിഇഎസ് സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. ജയാ പീറ്റർ, സുബൈദ നാസർ, ജിമ്മി ചകൃത്ത്, എഡ്വേർഡ് ഫോസ്റ്റസ്, പ്രദീപ് ജോസ്, അഡ്വ.എ ജെ റിയാസ്, എം സി പോൾസൺ തുടങ്ങിയവർ മുൻ നിരയിൽ**

# വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട കേന്ദ്രങ്ങളാക്കരുത്; ഡിഇഒ ഓഫിസ് വളഞ്ഞ് വ്യാപാരികൾ

**കൊച്ചി:** കച്ചവട നിയമങ്ങൾ ലംഘിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ യൂണിഫോം, പുസ്തകങ്ങൾ, ഷൂസുകൾ തുടങ്ങിയ വിൽപ്പന നടത്തുന്ന സ്കൂൾ മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരികൾ ഡിഇഒ ഓഫിസ് വളഞ്ഞു.




**വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട കേന്ദ്രങ്ങളാക്കരുതെന്നാവശ്യപ്പെട്ട് കെവിവിഇഎസ് യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കണയന്നൂർ താലൂക്കിലെ ഡിഇഒ ഓഫിസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ ഓഫിസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിനെ പോലിസ് ബലം പ്രയോഗിച്ച് നീക്കിയപ്പോൾ**

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട കേന്ദ്രങ്ങൾ ആക്കരുതെന്ന് പി സി ജേക്കബ്ബ് ആവശ്യപ്പെട്ടു. എല്ലാവിധ നിയമങ്ങളും പാലിച്ച് നികുതികളും അടച്ച് വ്യാപാരം നടത്തുന്ന കേരളത്തിലെ ചെറുകിട,ഇടത്തരം വ്യാപാരികളെ നോക്കുകുത്തികളാക്കിക്കൊണ്ടാണ് സ്കൂൾ മാനേജുമെന്റുകൾ ബുക്കുകൾ, പേനകൾ,യൂണിഫോം,സോക്സ് ഉൾപ്പെടെയുള്ളവ കച്ചവടം നടത്തുന്നത്.

ഇവർ നടത്തുന്ന ഈ വ്യവസായ കൊള്ള നിരവധി തവണ ഭരണകൂടങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നാളിതുവരെ ഇത് തടയാൻ സർക്കാർ തയ്യാറായിട്ടില്ല. ഇനിയും മൗനം പാലിക്കാനാണ് അധികൃതരുടെ തീരുമാനമെങ്കിൽ വരും ദിവസങ്ങളിൽ കേരളമാകെ സമരം കത്തിപ്പടരുമെന്നും പി സി ജേക്കബ്ബ് മുന്നറിയിപ്പു നൽകി.

വിഷയത്തിൽ നീതി ലഭിക്കാതെ ഒരടി തങ്ങൾ പിന്നോട്ടു പോകില്ലെന്നും പി സി ജേക്കബ്ബ് പറഞ്ഞു. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറിയും എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റുമായ പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു.

ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി.യൂത്ത് വിംഗ് സംസ്ഥാന ട്രഷറർ കെ എസ് റിയാസ്, സംസ്ഥാന വൈസ് പ്രസിഡന്റ് കെ എസ് നിഷാദ്, ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റുമാരായ എം സി പോൾസൺ, ജിമ്മി ചകൃത്ത്, അബ്ദുൾ റസാഖ്, ജില്ലാ സെക്രട്ടറി കെ ടി ജോയ്, നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, യൂത്ത് വിംഗ് ജില്ലാ ട്രഷറർ കമറുദ്ദീൻ, ജില്ലാ ജനറൽ സെക്രട്ടറി ശ്രീനാഥ് മംഗലത്ത്, വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ, വനിതാ വിംഗ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് ജയ പീറ്റർ, ഏകോപന സമിതി ജില്ലാ സെക്രട്ടറിയേറ്റ് അംഗം ഷാജഹാൻ അബ്ദുൾ ഖാദർ, യൂത്ത് വിംഗ് ജില്ലാ വൈസ് പ്രസിഡന്റ് അജ്മൽ കാവുമ്പായി, നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ജംഷീർ വി, ട്രഷറർ ടിജോ തോമസ് തുടങ്ങിയവർ സംസാരിച്ചു.

# ഫിറ്റ്നസ് ട്രെയിനർ കോഴ്സ്: അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ അസാപ് കേരള എറണാകുളം ജില്ലയിൽ നടത്തുന്ന ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫിറ്റ്നസ് മേഖലയിൽ താല്പര്യമുള്ളവർക്ക് പുതിയ കരിയർ കണ്ടെത്തുവാനും നിലവിൽ ജിം ട്രെയിനായി പ്രവർത്തിക്കുന്നവർക്ക് സെർട്ടിഫൈഡ് ട്രെയിനാകാനുള്ള അവസരവുമാണ് കോഴ്സിലൂടെ ലഭിക്കുന്നത്.300 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ +2 പാസ്സായവർക്ക് പങ്കെടുക്കാം. അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക് കളമശ്ശേരിയിലാണ് പരിശീലനം. 13,100 രൂപയാണ് ഫീസ്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ ഏജൻസിയായ നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സ്പോർട്സ് ഫിറ്റ്നസ് സ്കിൽ സെക്ടർ കൗൺസിൽ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കും.20 സീറ്റുകൾ മാത്രം. അപേക്ഷ ലഭിക്കുവാനുള്ള അവസാന തീയതി മെയ് 10. കൂടുതൽ വിവരങ്ങൾക്കായി : +91 9778598336,+91 8848179814

# ലൂപ്പസ് ദിനാചരണം 12 ന്; രജിസ്ട്രേഷൻ തുടങ്ങി

**കൊച്ചി:**കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ്, ഡോ.ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഈ മാസം 12 ന് (മെയ് 12,ഞായർ) ലോക ലൂപ്പസ് ദിനാചരണം സംഘടിപ്പിക്കും. എറണാകുളം കലൂർ എം.ഇ.എസ് ഹാളിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് പ്രോഗ്രാം നടക്കുന്നത്. ലൂപ്പസ് സംബന്ധിച്ചുള്ള സംശയങ്ങൾ, ആശങ്കകൾ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച് വിദഗ്ദ ഡോക്ടർമാരുടെ ക്ലാസുകളും ഉണ്ടായിരിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8590144470, 9745545879 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിച്ചു.

# എൻആർഐ ഉപയോക്താക്കൾക്ക് യുപിഐ പേയ്മെൻറ് സംവിധാനവുമായി ഐസിഐസിഐ

**കൊച്ചി:** ഐസിഐസിഐ ബാങ്ക് എൻആർഐ ഉപഭോക്താക്കൾക്ക് അവരുടെ അന്താരാഷ്ട്ര മൊബൈൽ നമ്പർ ഉപയോഗിച്ച് ഉടനടി ഇന്ത്യയിൽ യുപിഐ പേയ്മെൻറ് നടത്താവുന്ന സംവിധാനം അവതരിപ്പിച്ചു. ഇതിലൂടെ ദൈനംദിന പേയ്മെൻറുകൾ സൗകര്യപ്രദമായി നടത്താൻ സാധിക്കുമെന്ന് ബാങ്ക് അധികൃതർ അറിയിച്ചു.

എൻആർഐ ഉപഭോക്താക്കൾക്ക് ഇന്ത്യയിലെ ഐസിഐസിഐ ബാങ്ക് എൻആർഇ/എൻആർഒ അക്കൗണ്ടിലൂടെ അന്താരാഷ്ട്ര മൊബൈൽ നമ്പർ ഉപയോഗിച്ച് യൂട്ടിലിറ്റി ബില്ലുകൾ, വ്യാപാര, ഇകൊമേഴ്സ് ഇടപാടുകൾ നടത്താനാകും. ബാങ്കിൻറെ മൊബൈൽ ആപ്പ് ഐമൊബൈൽ പേയിലൂടെ ഈ സേവനം ലഭ്യമാണ്.

വിവിധ രാജ്യങ്ങളിലെ യുപിഐ ഉപയോഗത്തിനായുള്ള നാഷണൽ പേയ്മെൻറ്സ് കോർപറേഷൻറെ (എൻപിസിഐ) അന്താരാഷ്ട്ര അടിസ്ഥാന സൗകര്യമാണ് ഈ സേവനത്തിനായി ഐസിഐസിഐ ബാങ്ക് ഉപയോഗിക്കുന്നത്. യുഎസ്എ, യുകെ, യുഎഇ, കാനഡ, സിംഗപൂർ, ഓസ്ട്രേലിയ, ഹോങ്കോങ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ എന്നീ 10 രാജ്യങ്ങളിൽ സൗകര്യം ലഭ്യമാണ്.

ഏതെങ്കിലും ഇന്ത്യൻ ക്യൂആർ കോഡ് സ്കാൻ ചെയ്ത് എൻആർഐ ഉപഭോക്താക്കൾക്ക് യുപിഐ പേയ്മെൻറുകൾ നടത്താം. യുപിഐ ഐഡിയിലേക്ക് പണം അയച്ചും അല്ലെങ്കിൽ ഏതെങ്കിലും ഇന്ത്യൻ മൊബൈൽ നമ്പറിലേക്കോ ഇന്ത്യയിലെ ബാങ്ക് അക്കൗണ്ട് വഴിയോ ഇടപാടു നടത്താം.

# കെൽട്രോൺ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നോളജ് സെന്ററിൽ സർക്കാർ അംഗീകൃത കോഴ്സുകളായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജെറ്റ് ടെക്നോളജി, ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കൂടാതെ തൊഴിലധിഷ്ഠിത കോഴ്സായ സോഫ്റ്റ്വെയർ ടെസ്റ്റിംഗ് എന്നീ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു.

അവസാന തീയതി മേയ് 31. കൂടുതൽ വിവരങ്ങൾക്ക് 0484 2971400, 8590605259 ഫോൺ നമ്പറിലോ, ഹെഡ് ഓഫ് സെൻറർ, എം ഇ എസ് കൾച്ചറൽ കോംപ്ലക്സ്, കലൂർ, എറണാകുളം 682017 എന്ന വിലാസത്തിലോ ബന്ധപ്പെടുക.



# കടലിലും ഉഷ്ണതരംഗം

# ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾ വൻതോതിൽ നശിക്കുന്നു

**കൊച്ചി:** കടലിലെ ഉഷ്ണതരംഗത്തെ തുടർന്ന് ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾ വൻതോതിൽ നശിക്കുന്നതായി പഠനം. ദ്വീപ് മേഖലയിലെ പവിഴപ്പുറ്റ് ആവാസവ്യവസ്ഥയുടെ ഏറിയ പങ്കും ബ്ലീച്ചിംഗിന് വിധേയമായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനത്തിൽ കണ്ടെത്തി.

സമുദ്രത്തിലെ താപനില അസാധാരണമാംവിധം ഏറെക്കാലം ഉയർന്നുനിൽക്കുന്ന അപൂർവ കാലാവസ്ഥാസ്ഥിതിയാണ് ഉഷ്ണതരംഗം. ഇത്തരം ഉഷ്ണതരംഗങ്ങൾ സമുദ്രത്തിലെ ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥയുടെ സ്ഥിരതയ്ക്കും ഗുരുതരമായ ഭീഷണിയാണ് ഉയർത്തുന്നത്. താപ സമ്മർദ്ദം അളക്കുന്ന ഡിഗ്രി ഹീറ്റിംഗ് വീക്ക് (ഡി.എച്ച്.ഡബ്ല്യൂ) സൂചകം ലക്ഷദ്വീപിൽ 4 ഡിഗ്രി സെൽഷ്യസിന് മുകളിലാണ്. ഇതാണ് പവിഴപ്പുറ്റുകളുടെ നശീകരണത്തിനും അതുവഴി വൈവിധ്യമാർന്ന സമുദ്രജൈവസമ്പത്തിന്റെ തകർച്ചക്കും വഴിയൊരുക്കുന്നത്.

അമിതമായ താപസമ്മർദം കാരണം പവിഴപ്പുറ്റുകളിലെ സിംബയോട്ടിക് ആൽഗകൾ നശിക്കുന്നതാണ് ബ്ലീച്ചിംഗിന് കാരണമാകുന്നതെന്ന് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. ഡി.എച്ച്.ഡബ്ല്യൂ 12 ഡിഗ്രി സെൽഷ്യസിന് മുകളിൽ ഉയരുകയാണെങ്കിൽ അത്യസാധാരണമായ ജൈവവൈവിധ്യ പ്രതിസന്ധിക്ക് കാരണമാകുമെന്ന് പഠനത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ കെ ആർ ശ്രീനാഥ് പറഞ്ഞു.

അന്തരീക്ഷത്തിലെ അമിതമായ ചൂടും സമുദ്രപ്രവാഹത്തിലെ മാറ്റവുമാണ് കടലിലെ ഉഷ്ണതരംഗത്തിന്റെ പ്രധാന കാരണങ്ങളെന്ന് സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ ഷൽട്ടൺ പാദുവ പറഞ്ഞു. കഴിഞ്ഞ വർഷം ഒക്ടോബർ 27 മുതൽ ലക്ഷദ്വീപിൽ ഈ സാഹചര്യമാണുള്ളത്.

പവിഴപ്പുറ്റ് പോലുള്ള സമുദ്രജൈവവൈവിധ്യങ്ങളുടെ തകർച്ച വിനോദസഞ്ചാരത്തെയും മത്സ്യബന്ധന മേഖലകളെയും ബാധിക്കും. ഇത് തീരദേശസമൂഹത്തിന് ഉപജീവനത്തിന് ഭീഷണിയാണ്. കടൽപ്പുല്ല് പോലെയുള്ള മറ്റ് സമുദ്രസമ്പത്തിനും ഉഷ്ണതരംഗം ഭീഷിണി ഉയർത്തുന്നുണ്ട്. ഈ സാഹചര്യം കടൽ ഭക്ഷ്യശൃംഖലയെ സാരമായി ബാധിക്കും. മീനുകളുടെയും സസ്തനികളുടെയും നിലനിൽപ്പിനെ ഇത് അപകടത്തിലാക്കും.

പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ധാരാളം പഠനങ്ങൾ സിഎംഎഫ്ആർഐ നടത്തിവരുന്നുണ്ട്. ഇന്ത്യയിലെ വിവിധ പവിഴപ്പുറ്റുകളുടെ പ്രതിരോധശേഷിയെക്കുറിച്ച് പഠിക്കാൻ ഒരു സമഗ്ര ദേശീയ ഗവേഷണ പദ്ധതി സിഎംഎഫ്ആർഐ തുടങ്ങിയിട്ടുണ്ട്. വിപുലമായ കാലാവസ്ഥാ മോഡലിംഗ്, പാരിസ്ഥിതിക ഗവേഷണം എന്നിവ സമന്വയിപ്പിച്ച് പവിഴപ്പുറ്റുകളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്ന പഠനപരിപാലന പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

# ഭവൻസ് എരൂരിൽ ദേശീയോദ്ഗ്രഥന പരിപാടി ആരംഭിച്ചു

**കൊച്ചി:** അഖിലേന്ത്യാ തലത്തിൽ ഭവൻസ് സെക്കൻഡറി സീനിയർ സെക്കൻഡറി സ്കൂളുകളുടെ പന്ത്രണ്ടാമത് ദേശീയോദ്ഗ്രഥന പരിപാടി ഭവൻസ് വിദ്യാമന്ദിർ എരൂരിൽ ആരംഭിച്ചു. ഉദ്ഘാടന ചടങ്ങിൽ ഭാരതീയ വിദ്യാഭവൻ മുംബൈ ട്രസ്റ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ ഡോ. ദിനേശ് ദഫ്തരി മുഖ്യാതിഥിയായിരുന്നു. വ്യക്തിത്വ രൂപീകരണത്തിൽ മൂല്യങ്ങളുടെ ശക്തിയെക്കുറിച്ചും, പൈതൃകം സംരക്ഷിക്കേണ്ടതിൻറെയും വൈവിധ്യത്തെ ഉൾക്കൊള്ളേണ്ടതിൻറെയും ആവശ്യകതയെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കി. മികച്ച ലോകം സൃഷ്ടിക്കുന്നതിൽ യുവാക്കളുടെ പങ്കാളിത്തം അനിവാര്യമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ചെയർമാൻ സി എ വേണുഗോപാൽ സി ഗോവിന്ദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.



ആത്മവിശ്വാസത്തോടെയും പ്രതിബദ്ധതയോടെയും സ്വന്തം കഴിവുകൾ കണ്ടെത്തി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ പരിപാടി യിൽ പങ്കെടുത്ത വിദ്യാർത്ഥികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ചടങ്ങിൽ ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ഡയറക്ടർ ഇ. രാമൻകുട്ടി ആമുഖപ്രഭാഷണം നടത്തി. വിവിധ വിഭാഗങ്ങളിലായി പ്രശസ്ത വ്യക്തികൾ നയിക്കുന്ന വിജ്ഞാനപ്രദമായ ക്ലാസുകൾ പരിപാടിയുടെ ഭാഗമായി നടത്തുന്നുണ്ട്.

# അക്ഷയ തൃതീയക്ക് പുതിയ ശേഖരവുമായി പ്ലാറ്റിനം ഗിൽഡ്

**കൊച്ചി** : ഈ അക്ഷയ തൃതീയക്ക് ഗിൽഡിന്റെ പ്രത്യേക പ്ലാറ്റിനം കളക്ഷനുകൾ വിപണിയൽ . പരമ്പരാഗത ഡി സൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കും പുരുഷന്മാർക്കു മായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റു കൾ, ചെകൾ കമ്മലുകൾ, നെക്ളേസുകൾ തുടങ്ങി ദാമ്പതികൾക്കായി തയ്യാറാക്കിയിരിക്കുന്നു.

# ഫർണിച്ചർ എക്സ്പോ സമാപിച്ചു

**കൊച്ചി:** ഫർണിച്ചർ മാനുഫാക്ച്ചറേഴ്സ് ആൻഡ് മാർച്ചൻറ് സ് വെൽഫെയർ അസോസിയേഷൻ (ഫ്യുമ്മ) സംഘടിപ്പിച്ച ത്രിദിന രാജ്യാന്തര ഫർണിച്ചർ എക്സ്പോ ഫിഫെക്സ് 2024 സമാപിച്ചു.ആറ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഫർണിച്ചർ ഡീലർമാർ മേളയിൽ പങ്കെടുക്കാൻ എത്തിയിരുന്നു.

ഒറ്റദിവസം തന്നെ നൂറ് കോടി രൂപയ്ക്ക് മുകളിൽ ബിസിനസ് നടന്നതായി ഫ്യുമ്മ സംസ്ഥാന പ്രസിഡൻറ് ടോമി പുലിക്കാട്ടിൽ അറിയിച്ചു. ന്യൂഡൽഹി ആസ്ഥാനമായ കയറ്റുമതി ഏജൻസി പ്രതിനിധികളും എക്സ്പോയിൽ പങ്കെടുക്കാൻ എത്തിയിരുന്നു. കേരളത്തിൽ നിന്നുള്ള ഫർണിച്ചർ നിർമാതാക്കളുമായി അവർ വാണിജ്യ കൂടിക്കാഴ്ച നടത്തി. ഫർണിച്ചർ നിർമാണ കമ്പനികൾ നേരിട്ട്സന്ദർശിച്ച പ്രതിനിധി സംഘം കയറ്റുമതിക്ക് ആവശ്യമായ ചില മാറ്റങ്ങളും നിർദേശിച്ചു.ഫർണിച്ചർ മേഖലയിലെ ആഗോള ട്രെൻഡുകൾ, നൂതന ഉത്പന്നങ്ങൾ, പുതിയ ഡിസൈനുകൾ എന്നിവ എക്സ്പോയിൽ പ്രദർശിപ്പിച്ചിരുന്നു. ഫർണിച്ചർ മേഖലയിലെ പ്രമുഖർ, പ്രമുഖ ഫർണിച്ചർ നിർമാതാക്കൾ എന്നിവരുമായി വാണിജ്യ കൂടികാഴ്ചകളും നടന്നു. .

# പൊതുതെളിവെടുപ്പ് 15 ന്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ റഗുലേഷൻസ്, 2024ന്റെ കരടിന്മേലുള്ള രണ്ടാം പൊതു തെളിവെടുപ്പ് മെയ് 15 ന് രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലത്തുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാളിൽ നടക്കും.ഈ വിഷയത്തിൽ മാർച്ച് 20 നു നടത്തിയ പൊതു തെളിവെടുപ്പിൽ പങ്കെടുക്കാനും അഭിപ്രായം രേഖപ്പെടുത്താനും സാധിക്കാത്തവർക്ക് മെയ് 15 ലെ പൊതുതെളിവെടുപ്പിൽ അഭിപ്രായം രേഖപ്പെടുത്താം. മാർച്ച് 20നു നടന്ന പൊതുതെളിവെടുപ്പിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ അറിയിച്ചവരും താപാൽ/മെയിൽ മുഖാന്തിരം അഭിപ്രായം രേഖപ്പെടുത്തിയവരും മേയ് 15 ന് നടക്കുന്ന രണ്ടാം തെളിവെടുപ്പിൽ പങ്കെടുക്കേണ്ടതില്ല. പൊതുതെളിവെടുപ്പിൽ ഇതിനകം അഭിപ്രായം അറിയിച്ചിട്ടില്ലാത്ത പൊതുജനങ്ങൾക്കും മറ്റു താൽപര്യമുള്ള കക്ഷികൾക്കും 15ന് നേരിട്ട് പങ്കെടുത്ത് അഭിപ്രായങ്ങൾ സമർപ്പിക്കാം.






# ലൈവ് വയർ ഹാക്കഞ്ചേഴ്സ് കേരള എഡിഷൻ സമാപിച്ചു

**കൊച്ചി:** കേരളത്തിലെ എൻജിനീയറിങ് വിദ്യാർത്ഥികൾക്കായി ലൈവ് വയർ കൊച്ചിയിൽ സംഘടിപ്പിച്ച പൈത്തൺ കോഡിങ് മത്സരമായ ഹാക്കഞ്ചേഴ്സ് കേരള എഡിഷനിൽ പാലാ സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ ഉൾപ്പെട്ട ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കമ്പ്യൂട്ടർ സയൻസ് രണ്ടാം വർഷ വിദ്യാർത്ഥികളായ എഡ്വിൻ ജോസഫ്, ബ്ലസൻ ടോമി, സിദ്ധാർഥ് ദേവ് ലാൽ എന്നിവർ ചേർന്ന് വികസിപ്പിച്ച വോയിസ് ബേസ്ഡ് സേർച്ച് എൻജിൻ പ്രൊജക്ടാണ് ഏറ്റവും മികച്ച ഇന്നവേറ്റീവ് പ്രൊഡക്ടായി തെരഞ്ഞെടുത്തത്.

ഇവർ വികസിപ്പിച്ചെടുത്ത സെർച്ച് എൻജിൻ ഓട്ടോമേഷനിലേക്ക് ധാരാളം മാനുവൽ ജോലികൾ ചെയ്യാൻ സഹായിക്കുമെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.ടീമിന് നാൽപതിനായിരം രൂപ പാരിതോഷികവും ട്രോഫിയും ലഭിച്ചു.

കാസർകോഡ് എൽ.ബി.എസ് കോളേജ് ഓഫ് എഞ്ചിനീയറിങ് വിദ്യാർത്ഥികളായ അൻഷിഫ് ഷഹീർ,ആസിഫ് എസ് എന്നിവർ അടങ്ങിയ ടീം ടെക് ടൈറ്റൻസ് ഒന്നാം റണ്ണർ അപ്പും പാലാ സെന്റ്. ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിങ് & ടെക്നോളജിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് & ഡാറ്റാ സയൻസ് നാലാം വർഷ വിദ്യാർത്ഥികളായ ജൂഡിൻ അഗസ്റ്റിൻ, അഭിജിത് പി.ആർ, വിഷ്ണു പ്രസാദ് കെ.ജി എന്നിവരടങ്ങുന്ന ടീം എ.ഐ ജാവ് രണ്ടാം റണ്ണർ അപ്പും ആയി. ഇരു ടീമുകളും ഇരുപതിനായിരം രൂപ വീതം പാരിതോഷികവും ട്രോഫിയും നേടി.ടെക്നോളജി വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും പ്രമുഖ സ്ഥാപനമായ ലൈവ് വയർ, കൊച്ചിയിലെ സിദ്ര പ്രിസ്റ്റീൻ ഹോട്ടലിൽ സംഘടിപ്പിച്ച 'ലൈവ് വയർ ഹാക്കഞ്ചേഴ്സ് ' കേരള എഡിഷൻ ഫൈനൽ മത്സരം സാങ്കേതിക വിദ്യയിലെ നൂതനമായ ആശയങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്.ഒന്നാം റൗണ്ടിൽ കേരളത്തിലുടനീളമുള്ള 96 കോളേജുകളിൽ നിന്നായി 3700ലധികം വിദ്യാർത്ഥികളും രണ്ടാം റൗണ്ടിൽ 940 വിദ്യാർത്ഥികൾ 340 ടീമുകളായി പങ്കെടുത്തു. ഫൈനലിൽ 33 ടീമുകളിലായി 94 വിദ്യാർത്ഥികൾ പങ്കെടുത്തു. കാലാനുസൃതമായ മാറ്റം എന്ന നിലയിലാണ് തത്സമയം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവുള്ള പ്രോഗ്രാമർമാരെ സൃഷ്ടിക്കുകയും യുക്തിസഹമായ ചിന്താശേഷി വികസിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ഇവന്റായി ഹാക്കഞ്ചേഴ്സ് സംഘടിപ്പിച്ചത്. ചടങ്ങിൽ അമൃത വിശ്വ വിദ്യാ പീഠത്തിലെ റോബോട്ടിക്സ് ആൻഡ് എച്ച്.ടി ലാബ്സ് മേധാവി ഡോ. രാജേഷ് കണ്ണൻ മേഗലിംഗം, കാബോട്ട് ടെക്നോളജി സൊല്യൂഷൻസ് ഇൻ കോർപ്പറേറ്റിലെ വി.പി ടെക്നോളജി ഓപ്പറേഷൻസ് പ്രദീപ് പണിക്കർ, ഡോ. മേഗലിഗം,പണിക്കർ, ലൈവ് വയറിന്റെ സി.ഒ.ഒ ഷിബു പീതാംബരൻ, നാസ്കോം ഫ്യൂച്ചർ സ്കിൽസ് പ്രൈം പ്രതിനിധി ഊർമ്മിള എന്നിവർ പങ്കെടുത്തു.

# ഒഡീസ് ഇലക്ട്രിക് സ്നാപ്പ് ഹൈസ്പീഡ് സ്കൂട്ടർ, ഇ2 ലോസ്പീഡ് മോഡലുകൾ അവതരിപ്പിച്ചു

**മുംബൈ:** മുൻനിര ഇലക്ട്രിക് ഇരുചക്രവാഹന നിർമാതാക്കളായ ഒഡീസ് ഇലക്ട്രിക്, സ്നാപ്പ് ഹൈസ്പീഡ് സ്കൂട്ടർ, ഇ2 ലോസ്പീഡ് എന്നീ രണ്ട് മോഡലുകൾ അവതരിപ്പിച്ചു. സുസ്ഥിരതയിൽ വിട്ടുവീഴ്ച ചെയ്യാതെ എന്നാൽ ആവേശകരമായ റൈഡിംഗ് അനുഭവം പ്രദാനം ചെയ്യുന്നതിനാണ് സ്നാപ്പ് ഹൈസ്പീഡ് സ്കൂട്ടർ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഒഡീസ് ഇലക്ട്രിക്കിന്റെ സിഇഒ നെമിൻ വോറ പറഞ്ഞു.2000 വാട്ടിന്റെ പീക്ക് മോട്ടോർ ഔട്ട്പുട്ടും മണിക്കൂറിൽ 60 കിലോമീറ്റർ വേഗതയും ഉള്ള സ്നാപ്പ് സമാനതകളില്ലാത്ത പ്രകടനവും ചടുലതയും നൽകുന്നു. ഒറ്റ ചാർജിൽ 105 കിലോമീറ്റർ റേഞ്ചും 4 മണിക്കൂറിൽ താഴെ ചാർജിംഗ് സമയവുമുള്ള സ്നാപ്പ്, എളുപ്പവും ആശ്രയയോഗ്യവുമായ നഗരഗതാഗതം ഉറപ്പ് നൽകുന്നു. വാട്ടർപ്രൂഫ് ഐപി67 മോട്ടോർ, റോബസ്റ്റ് ഇന്ത്യൻ ഷാസി, കൂടാതെ എഐഎസ് 156 സർട്ടിഫൈഡ് സ്മാർട്ട് ബാറ്ററി എന്നിവയും അതിന്റെ നൂതനമായ സവിശേഷതകളിൽ ഉൾപ്പെടുന്നു, അത് ഫയർപ്രൂഫും, ദീർഘകാലം നിലനിൽക്കുന്നതും പരിപാലിക്കാൻ എളുപ്പവും ലളിതവുമാണ്. കൂടാതെ, സ്നാപ്പിന് കൃത്യമായ ബാറ്ററി ലെവൽ മോണിറ്ററിംഗിനും ഡിസ്റ്റൻസ്ടുഎംപ്റ്റി കംപ്യൂട്ടേഷനുമായി ഇഅചപ്രാപ്തമാക്കിയ ഡിസ്‌പ്ലേയുമുണ്ട്.



മെച്ചപ്പെട്ട സൗകര്യത്തിനായി ക്രൂയിസ് കണ്ട്രോളും ഉണ്ട്. ഇ2 ലോസ്പീഡ് മോഡൽ, വിശ്വാസ്യതയും സുസ്ഥിരതയും തേടുന്ന നഗര യാത്രക്കാർക്കായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. 250 വാട്ടിന്റെ മോട്ടോർ പവറും പരമാവധി വേഗത മണിക്കൂറിൽ 25 കിലോമീറ്ററും ഉള്ളതിനാൽ, ഇ2 സുരക്ഷയ്ക്കും സുസ്ഥിരതയ്ക്കും മുൻഗണന നൽകുന്നു. 70 കിലോമീറ്റർ റേഞ്ചും വെറും 4 മണിക്കൂർ ചാർജിംഗ് സമയവും വാഗ്ദാനം ചെയ്യുന്ന ഇ2, കുറഞ്ഞ പാരിസ്ഥിതിക ആഘാതത്തിൽ തടസ്സരഹിതമായ നഗര യാത്ര ഉറപ്പാക്കുന്നുവെന്നും നെമിൻ വോറ പറഞ്ഞു.




# ഡോ. റമീസ് ഹുസൈന് ഇന്റർനാഷണൽ സ്കോളർ അവാർഡ്

**കൊച്ചി:** വിട്രിയോ റെറ്റിന സർജൻ ഡോ. റമീസ് ഹുസൈന് 2024ലെ അമേരിക്കൻ അക്കാദമി ഓഫ് ഒഫ്താൽമോളജിയുടെ (എ.എ.ഒ) ഇന്റർനാഷണൽ സ്കോളർ അവാർഡ്'.അക്കാദമിക് വൈദഗ്ധ്യം, ശാസ്ത്ര സംഭാവന, ഈ മേഖലയിലെ തുടർച്ചയായ പഠനം എന്നിവ പരിഗണിച്ചാണ് എ. എ. ഒ അവാർഡ് ഒക്ടോബറിൽ യുഎസിലെ ചിക്കാഗോയിൽ നടക്കുന്ന അമേരിക്കൻ അക്കാദമി ഓഫ് ഒഫ്താൽമോളജി മീറ്റിംഗിൽ റമീസ് ഹുസൈന് സ്കോളർ മെഡൽ സമ്മാനിക്കും.

ട്രിച്ചിയിലെ ഇന്റർനാഷണൽ സെന്റർ ഫോർ ഐ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലെ പഠനത്തിന് ശേഷം ഡോ. റമീസ് ഹുസൈൻ കൊച്ചിയിലെ ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടിൽ വിട്രിയോ റെറ്റിന സർജറിയിൽ ഫെലോഷിപ്പ് കരസ്ഥമാക്ക്. സി.എം.സി വെല്ലൂർ, തിരുവനന്തപുരം, യൂറോപ്യൻ സ്കൂൾ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ഒഫ്താൽമോളജി, യൂണിവേഴ്സിറ്റി ഓഫ് മിലാൻ തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടിയിട്ടുണ്ട്. ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ അക്കാദമിക് മെന്റർ എന്ന നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡോ. റമീസ് ഹുസൈൻ നിലവിൽ മൗറീഷ്യസിലെ സികെയർ വെൽകിൻ ഹോസ്പിറ്റലിൽ ലീഡ് കൺസൾട്ടന്റാണ്. അദ്ദേഹം നിരവധി ആഫ്രിക്കൻ രാജ്യങ്ങളിലും വിദഗ്ദ്ധ സേവനം നൽകുന്നുണ്ട്. നിരവധി ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. റമീസ് അന്തർദേശീയ ജേണലുകളിൽ തന്റെ ശാസ്ത്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, കൂടാതെ തമിഴ്നാട് സ്റ്റേറ്റ് ഒഫ്താൽമിക് സൊസൈറ്റിയുടെ 'ടോപ്സ് റെറ്റിന മെഡൽ' ഉൾപ്പെടെയുള്ള അംഗീകാരങ്ങളും കേരള സ്റ്റേറ്റ് ഒഫ്താൽമിക്കിന്റെ 'മികച്ച ശാസ്ത്രീയ വീഡിയോ അവാർഡും' നേടിയിട്ടുണ്ട്.

# എനർജി മിഷൻ മെഷീനറീസ് ഐപിഒ

**കൊച്ചി:** വൈവിധ്യമാർന്ന ഷീറ്റ് മെറ്റൽ മെഷീനറീസുകളുടെ രൂപകൽപ്പനയിലും നിർമ്മാണത്തിലും മുൻനിര കമ്പനിയായ എനർജി മിഷൻ മെഷിനറീസ് ഇനിഷ്യൽ പബ്ലിക് ഓഫറിന് ഒരുങ്ങുന്നു. ഇതുവഴി 41.15 കോടി രൂപ വരെ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. പത്തുരൂപ മുഖവിലയുള്ള 29.82 ലക്ഷം ഇക്വിറ്റി ഓഹരികൾ ഇഷ്യൂ ചെയ്യും. 131 രൂപ മുതൽ 138 രൂപവരെയാണ് പ്രൈസ് ബാൻഡ്. ഓഹരികൾ എൻഎസ്ഇ എമെർജ് പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്യും. പബ്ലിക് ഇഷ്യു മെയ് 9ന് ആരംഭിച്ച് 13ന് അവസാനിക്കും. ഗുജറാത്തിലെ സാനന്ദിലുള്ള നിലവിലുള്ള നിർമ്മാണ യൂണിറ്റിലെ സിവിൽ കൺസ്ട്രക്ഷൻ, പുതിയ പ്ലാന്റ്, മെഷിനറികൾ എന്നിവയുൾപ്പെടെ കമ്പനിയുടെ വിപുലീകരണ പദ്ധതികൾക്കായി പബ്ലിക് ഇഷ്യൂവിലൂടെ സമാഹരിക്കുന്ന പണം വിനിയോഗിക്കും.

# ബെൽസ്റ്റാർ മൈക്രോഫിനാൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ, ഉപയോക്തൃ ഉൽപന്നങ്ങൾ, വിഭ്യാഭ്യാസം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുന്ന ബെൽസ്റ്റാർ മൈക്രോഫിനാൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.10 രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 1,300 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 1,000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 300 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# മലയാളിയായ ചലച്ചിത്ര പ്രവർത്തകൻ രാജ്യാന്തര തലത്തിൽ ശ്രദ്ധേയനാകുന്നു

**തിരുവനന്തപുരം:** തിരുവനന്തപുരം സ്വദേശിയായ ചലച്ചിത്ര നിർമ്മാതാവും സംവിധായകനുമായ നെബാൽ ഷാഫി രാജ്യാന്തര തലത്തിൽ ശ്രദ്ധേയനാകുന്നു.

ഇന്ത്യയിലും ബഹ്റൈനിലും യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിലും ഒന്നിലധികം ഹ്രസ്വചിത്രങ്ങളും പരസ്യങ്ങളും സംഗീത വീഡിയോകളും നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്ത നെബാൽ ഷാഫി അദ്ദേഹത്തിന്റെ ആദ്യ സൈക്കോളജിക്കൽ ഡ്രാമ സിനിമയായ 'ജോൺ' ഫിലിം ചെന്നൈയിലെ ഫ്രെയിം ഓഫ് മൈൻഡ് ഫിലിം ഫെസ്റ്റിവലിലും ക്രൗൺ വുഡ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും പ്രദർശിപ്പിച്ചു. ഫിലിം മേക്കിംഗിൽ മാസ്റ്റർ ബിരുദം നേടുന്നതിനായി നെബാൽ ന്യൂയോർക്ക് ഫിലിം അക്കാദമിയിൽ അംഗമാവുകയും ചെയ്തു. ലോസ് ഏഞ്ചൽസിലെ ഫിലിം ബേസ്മെന്റ് ഹൊറർ അവാർഡിൽ മികച്ച ഷോർട്ട് ഫിലിം അവാർഡ് നെബാലിന്റെ അപ്പോക്കലിപ്റ്റിക് സോംബി ഡ്രാമ ഷോർട്ട് ഫിലിമായ 'ഗ്രീഡ്' നേടി.2022ൽ നെബാൽ നിർമിച്ച 'ക്രോസ്' എന്ന ചിത്രം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ലോകമെമ്പാടുമുള്ള നിരവധി ചലച്ചിത്രമേളകളിൽ ഇത്



മികച്ച ഷോർട്ട് ഫിലിമായി നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു. ഇൻഡി ഷോർട്ട് ഫെസ്റ്റ് (ലോസ് ഏഞ്ചൽസ്), മോക്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ (ഇന്ത്യ), മോൺസ ഫിലിം ഫെസ്റ്റ് (ഇന്ത്യ), ഹോങ്കോംഗ് ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (ഹോങ്കോംഗ്), പ്രശസ്തമായ റോഡ് ഐലൻഡ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ (യുഎസ്എ). വിർജീനിയ എമർജിംഗ് ഫിലിം മേക്കേഴ്സ് ഫെസ്റ്റിവലിൽ മികച്ച സിനിമയും മികച്ച നാടകവും ഉൾപ്പെടെ നിരവധി അവാർഡുകൾ ക്രോസ് വാരിക്കൂട്ടി. വിൻചെസ്റ്ററിലെ അലാമോ ഡ്രാഫ്റ്റ് ഹൗസ് തിയേറ്ററിലും ക്രോസ് ഔദ്യോഗികമായി പ്രദർശിപ്പിച്ചു.

2023ൽ, നെബാൽ തന്റെ ആദ്യ ഫീച്ചർ ഫിലിമായ 'ദി ബാക്ക് ബെഞ്ചേഴ്സ്' എഴുതി പൂർത്തിയാക്കി, അത് അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസസ് (ഓസ്കാർ) നിക്കോൾ ഫെലോഷിപ്പിൽ പോസിറ്റീവായി അവലോകനം ചെയ്യപ്പെട്ടു. ഈ വർഷം അദ്ദേഹത്തിന്റെ ഹ്രസ്വചിത്രം 'ഇൻസ്പൈർഡ്'. ആഗോളതലത്തിൽ നിരവധി ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുകയും നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു.നെബാലിന്റെ അടുത്ത പ്രോജക്റ്റ്, 'ഫ്ളവർ' ഒരു സൈക്കോളജിക്കൽ ഹൊറർ ചിത്രമാണ്, നെബാലും അദ്ദേഹത്തിന്റെ ദീർഘകാല സഹകാരിയായ ഹ്യൂഞ്ജിൻ ലീയും ചേർന്ന് നിർമ്മിക്കുകയും സഹസംവിധാനം ചെയ്യുകയും ചെയ്യുന്നു. ചിത്രം ഇപ്പോൾ പോസ്റ്റ് പ്രൊഡക്ഷനിലാണ്, 2024 സെപ്റ്റംബറിൽ ഫിലിം ഫെസ്റ്റിവലിലേക്ക് പോകുമെന്നാണ് നെബാലിന്റെ പ്രതീക്ഷ.




# ലുലു ഫാഷൻ വീക്കിന് നാളെ കൊച്ചിയിൽ തുടക്കമാകും

**കൊച്ചി :** ആഗോള ബ്രാൻഡുകളുടെ പുതുപുത്തൻ ട്രെൻഡുകൾ അവതരിപ്പിച്ച് , ഫാഷൻ ലോകത്തെ വിസ്മയകാഴ്ചകളുമായി ലുലു ഫാഷൻ വീക്കിന് ബുധനാഴ്ച തുടക്കമാകും. മെയ് 8ന് തുടങ്ങി മെയ് 12 വരെ നീളുന്നതാണ് ഷോ. ഇന്ത്യയിലെ പ്രശസ്തരായ ഫാഷൻ ഡിസൈനർമാരും മോഡലുകളും അണിനിരക്കുന്ന ലുലു ഫാഷൻവീക്ക് വേറിട്ടഅനുഭവമാണ് സമ്മാനിക്കുക. രാജ്യത്തെ മുൻനിര സെലിബ്രിറ്റികളും, രാജ്യാന്തര മോഡലുകളും ഷോയിൽ ഭാഗമാകും.

കൊച്ചി ലുലു മാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച് ലുലു ഫാഷൻ വീക്ക് 2024ന്റെ ലോഗോ സിനിമാതാരം ടൊവിനോ തോമസ് നടി ഭാവനയ്ക്ക് കൈമാറി. ഫാഷൻ ലോകത്തെ സമാനതകളില്ലാത്ത കാഴ്ചാനുഭവമാണ് വരും ദിവസങ്ങളിൽ ലുലു സമ്മാനിക്കുക.

ലോകോത്തര ബ്രാൻഡുകളുടെ ആകർഷകമായ ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷനുകൾ പ്രദർശിപ്പിച്ചുകൊണ്ട് നിരവധി ഫാഷൻ ഷോകളാണ് അരങ്ങേറുക. ഏറ്റവും പുതിയ പതിപ്പുകൾ ഷോയിൽ അവതരിപ്പിക്കും. പെപ്പെ ജീൻസ് ലണ്ടൻ, അമുക്തി, പീറ്റർ ഇംഗ്ലണ്ട്, ലൂയിസ് ഫിലിപ്പ്, ക്രോയ്ഡോൺ യുകെ, സിൻ ഡെനിം തുടങ്ങിയ ആഗോള ബ്രാന്റുകൾ ഷോയിൽ മുഖ്യഭാഗമാകും. ഇതിന് പുറമെ പ്രത്യേക ഷോകളും അരങ്ങേറും. മുൻനിര താരങ്ങളും റാംപിൽ ചുവടുവയ്ക്കും. ലിവൈസ്, ഐഡന്റിറ്റി, മധുര ഫാമിലി, പാർക്ക് അവന്യൂ, ക്രിമസൗൺ ക്ലബ്ബ്, ബ്ലാക്ക്ബെറീസ്, സെലിയോ, ലിനൺ ക്ലബ്, ക്ലാസിക് പോളോ, ജോക്കി, ബീച്ച് ക്ലബ്, ലിബാസ്, കാപ്രീസ്, മഗ്നോളിയ, വിഐപി, അമേരിക്കൻ ടൂറിസ്റ്റർ, സഫാരി, ജിനി ആൻഡ് ജോണി, പെപ്പർമിന്റ്, ഡൂഡിൾ, റഫ്, ടിനി ഗേൾ, കാറ്റ്വാക്ക്, ലീ കൂപ്പർ എന്ന, വെൻഫീൾഡ്, വി സ്റ്റാർ, ഡെമോസ, ബ്ലോസം, ലാവി, ക്രോകോഡൈൽ, ഗോ കളേഴ്സ് തുടങ്ങി മുൻനിര ബ്രാൻഡുകൾക്ക്) വേണ്ടി പ്രമുഖ മോഡലുകൾ റാമ്പിൽ ചുവടുവയ്ക്കും. പ്രശസ്ത സെലിബിറിറ്റി സ്റ്റൈലിസ്റ്റും ഡിസൈനറുമായ ഷയ് ലോബോ (മുംബൈ) ആണ് ഷോ ഡയറക്ടർ. ഇന്ത്യയിലെ പ്രശസ്തരായ ഫാഷൻ ഡിസൈനർമാരും മോഡലുകളും അണിനിരക്കുന്ന ലുലു ഫാഷൻവീക്ക് വേറിട്ട അനുഭവമാണ് സമ്മാനിക്കുക.

ഫാഷൻ, എന്റർടെയ്ൻമെന്റ്, റീട്ടെയ്ൽ മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖരും ഷോയിൽ ഭാഗമാകും. ഫാഷൻ രംഗത്തെ ആകർഷകമായ സംഭാവനകൾ മുൻനിർത്തി ഫാഷൻ ടൈറ്റിലുകളും, മികച്ച വസ്ത്ര ബ്രാൻഡുകൾക്ക്എക്സ്ക്ലൂസിവ് ഫാഷൻ അവാർഡും സമ്മാനിക്കും. കൂടാതെ, ഫാഷൻ ട്രെൻഡുകൾ സിനിമാ മേഖലയിൽ കൊണ്ടുവന്ന സ്വാധീനവും മാറ്റങ്ങളും ചർച്ച ചെയ്യാൻ സ്പെഷ്യൽ ടോക്ക് ഷോയും സംഘടിപ്പിക്കുന്നുണ്ട്. മനീഷ് നാരായണൻ, മെൽവി ജെ, സ്റ്റെഫി സേവ്യർ, ദിവ്യ ജോർജ്, മഷർ ഹംസ തുടങ്ങി സിനിമാ മേഖലയിൽ വിദഗ്ധർ ചർച്ചയ്ക്ക് നേതൃത്വം നൽകും.



# മാതൃശിശു സംരക്ഷണത്തിന് മിഡ്‌വൈഫുകളുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തണം

**കൊച്ചി:** പ്രസവസമയത്തുണ്ടാകുന്ന മാതൃശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിചരണം കുറ്റമറ്റതാക്കുന്നതിനും മിഡ് വൈഫുകളുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തണമെന്ന് കൊച്ചിയിൽ ചേർന്ന മിഡ് വൈവ്സ് ഫോർ വുമൺ ഉച്ചകോടി അഭിപ്രായപ്പെട്ടു. പ്രസവ സമയത്ത് അമ്മമാരെയും നവജാത ശിശുക്കളെയും പരിപാലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ആരോഗ്യ പ്രവർത്തകരാണ് മിഡ് വൈഫുമാർ.

ഇന്ത്യൻ മിഡ് വൈവ്സ് സൊസൈറ്റിയും കൊച്ചിയിലെ ബർത്ത് വില്ലേജും സംയുക്തമായി സംഘടിപ്പിച്ച ഉച്ചകോടിയിൽ തെലങ്കാനയിലെ പ്രമുഖ പ്രസവ ചികിത്സ വിദഗ്ദ്ധയും ഫെർണാണ്ടെസ് ഫൗണ്ടേഷൻ ചെയർപേഴ്സണുമായ ഡോ. എവിറ്റ ഫെർണാണ്ടെസ് മുഖ്യ പ്രഭാഷണം നടത്തി. അന്താരാഷ്ട്രതലത്തിലുള്ള വിദ്യാഭ്യാസവും പരിശീലനവും നേടിയ മിഡ് വൈഫുകളുടെ സേവനം തെലങ്കാനയിൽ സൃഷ്ടിച്ച മാറ്റം അവർ ചൂണ്ടിക്കാട്ടി. ആഗോളതലത്തിലുള്ള കണക്കുകൾ പരിശോധിച്ചാൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തിയ കേസുകളിൽ മാതൃ മരണം കുറവാണെന്ന് മനസിലാക്കാൻ സാധിക്കും. ഇത്തരത്തിലുള്ള സേവനം നാം കൂടുതൽ പ്രയോജനപ്പെടുത്തിയാൽ പ്രസവകാലത്തെ മാതൃ മരണ നിരക്ക് കുറയ്ക്കാൻ കഴിയുമെന്നും അവർ പറഞ്ഞു.മിഡ് വൈഫറിക്ക് കൂടുതൽ പ്രാധാന്യം നൽകിയുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കുന്നതിലൂടെ മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കാൻ സാധിക്കുമെന്നും ഇതിലൂടെ പരിശീലനം നേടിയ മിഡ് വൈഫുകളുടെ അഭാവം കുറയ്ക്കാൻ കഴിയുമെന്നും ഉച്ചകോടി അഭിപ്രായപ്പെട്ടു.

മിഡ് വൈഫുകളുടെ സേവനം പ്രയോജനപ്പെടുത്തുന്ന കേസുകളിൽ നോർമ്മൽ ഡെലിവറി വർദ്ധിക്കുന്നതായി കാണാൻ സാധിച്ചിട്ടുണ്ടെന്നും ഉച്ചകോടിയിൽ പങ്കെടുത്ത വിദഗ്ധർ പറഞ്ഞു.നിലവിലെ സാഹചര്യത്തിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ സ്വാഭാവിക പ്രസവത്തേക്കാൾ കൂടുതൽ സിസേറിയൻ ആണ് നടക്കുന്നതെന്നും കേരളത്തിലെ ചില ആശുപത്രികളിൽ നടത്തിയ സർവേയിൽ 30 നോർമൽ ഡെലിവെറി നടക്കുമ്പോൾ സിസേറിയൻ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് 150 ഓളമാണെന്ന് പാനൽ ചർച്ചയിൽ പങ്കെടുത്ത വിദഗ്ദർ ചൂണ്ടിക്കാട്ടി.

കൊച്ചി ഹോട്ടൽ റാഡിസൺ ബ്ലുവിൽ നടന്ന ഉച്ചകോടിയിൽ ട്രൈബൽ ഹെൽത്ത് ഇനിഷ്യേറ്റീവ് സഹ സ്ഥാപക ഡോ. ലളിത റെജി, കോട്ടയം ഗവ. നഴ്സിങ് കോളജ് മുൻ അസി. പ്രൊഫസർ ഏലിയാമ്മ അബ്രഹാം, മുതിർന്ന അഭിഭാഷക ലിസ് മാത്യു, റേണു സുസൻ തോമസ് എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി നടത്തിയ പാനൽ ചർച്ചയിൽ ഡോ. ഉഷ, രതി ബാലചന്ദ്രൻ, മീനകെ, വനീസ മെയ്സ്റ്റർ, പയോഷ്നി ജെയിൻ, റീന, ഹരീഷ് ഉത്തമൻ എന്നിവർ പങ്കെടുത്തു.

# നഴ്സസ്ദിന വാരാഘോഷം

**കൊല്ലം:** നഴ്സസ് ദിന വാരാഘോഷത്തിന്റെ ജില്ലാതല പരിപാടികൾക്ക് ജില്ലാ പഞ്ചായത്ത് ഹാളിൽ തുടക്കമായി. കലാകായിക മത്സരങ്ങൾ സെമിനാറുകൾ, ക്വിസ്മത്സരങ്ങൾ,



നഴ്സസ്ദിന ഘോഷയാത്ര, ആദരവ്, കലാപരിപാടികൾ തുടങ്ങിയവയാണ് വാരാഘോഷത്തിന്റെ ഭാഗമാകുന്നത്. 12നാണ് സമാപനം. ജില്ലാതല ഉദ്ഘാടനം സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം പുനലൂർ സോമരാജൻ നിർവഹിച്ചു. ഡെപ്യൂട്ടി ഡി. എം. ഒ ഡോ. ശ്രീഹരി അധ്യക്ഷനായി. ജില്ലാ നേഴ്സിംഗ് ഓഫീസർ കെ. ഷർമിള, പാരിപ്പള്ളി സർക്കാർ നഴ്സിംഗ് കോളജ് പ്രിൻസിപ്പൾ ടി. പ്രേമലത, ജില്ലാ ആശുപത്രി നഴ്സിംഗ് സൂപ്രണ്ട് ഗീതാകുമാരി, ആശ്രാമം നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ ശ്രീല, ഡോ. വസന്തദാസ്, നഴ്സിംഗ് കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



# കെഎൽഎം ആക്സിവ ഫിൻവെസ്റ്റിന്റെ പുതിയ ആസ്ഥാന മന്ദിരം തുറന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ധനകാര്യ സ്ഥാപനമായ കെഎൽഎം ആക്സിവ ഫിൻവെസ്റ്റിന്റെ പുതിയ ആസ്ഥാന മന്ദിരം കെഎൽഎം ഗ്രാൻഡ് എസ്റ്റേറ്റ് കൊച്ചിയിൽ പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഉദ്ഘാടനം ചെയ്തു.

വിപണിയിൽ പണലഭ്യത ഉറപ്പാക്കുകയും പണം ക്രയവിക്രയം സജീവമായി നടക്കുന്ന സമ്പദ്ഘടന സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് വലിയ പ്രസക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ടികെഎ നായർ മുഖ്യാതിഥിയായിരുന്നു. ഇന്ത്യൻ ടെന്നിസ് ഇതിഹാസം സാനിയ മിർസ സെലബ്രിറ്റി ഗസ്റ്റായും പങ്കെടുത്തു. കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹ പ്രഭാഷണം നടത്തി. കൊച്ചി മേയർ എം. അനിൽകുമാർ, ഉമ തോമസ് എംഎൽഎ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ഇസാഫ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ പോൾ തോമസ് കെഎൽഎം അരീന ഉദ്ഘാടനം ചെയ്തു. സിന്തൈറ്റ് ഇൻഡസ്ട്രീസ് മാനേജിങ് ഡയറക്ടർ അജു ജേക്കബ് മാനേജ്മെന്റ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു. കെഎൽഎം ആക്സിവ ചെയർമാൻ ടിപി ശ്രീനിവാസൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടിവ് ഡയറക്ടർ ഷിബു തെക്കുംപുറം,ഡയറക്ടർമാരായ എംപി ജോസഫ്, എബ്രഹാം തര്യൻ, പ്രൊഫ. കെ എം കുര്യാക്കോസ് തുടങ്ങിയവർ സംസാരിച്ചു. തെരെഞ്ഞെടുത്ത മികച്ച ടെന്നീസ് പ്രതിഭകൾക്ക് കളിയുപകരണങ്ങൾ നൽകുന്ന 'എയ്സ്' പദ്ധതിക്ക് ചടങ്ങിൽ തുടക്കമിട്ടു. 5 നിലകളിലായി 25,000 സ്ക്വയർ ഫീറ്റിൽ പണിതീർത്ത കോർപ്പറേറ്റ് ഓഫീസിൽ ആയിരിക്കും കെഎൽഎം ആക്സിവയുടെ എല്ലാ ഡിവിഷനുകളും ഇനി പ്രവർത്തിക്കുക. 5000 ൽ അധികം ബ്രാഞ്ചുകളെ ഏകോപിപ്പിക്കുവാൻ ഇവിടുത്തെ കേന്ദ്രീകൃത സംവിധാനത്തിലൂടെ സാധിക്കുംകെഎൽഎം അരീന, മാനേജ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, എച്ആർ ലോഞ്ച് തുടങ്ങിയ വിപുലമായ സൗകര്യങ്ങളോടെയാണ് കോർപ്പറേറ്റ് ഓഫീസ് സജ്ജമാക്കിയിട്ടുള്ളത്.മൈക്രോ ഫിനാൻസിന് മാത്രമായുള്ള എൻബിഎഫ്സി തുടങ്ങുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## മൾട്ടിഫങ്ഷണൽ പ്രിന്ററുകളുമായി കോണിക മിനോൾട്ട



**കൊച്ചി:** 15 പുതിയ ബിസ് ഹബ് ഐ സീരീസ് മൾട്ടിഫങ്ഷണൽ പ്രിന്ററുകൾ ഇന്ത്യയിൽ അവതരിപ്പിക്കാനൊരുങ്ങി കോണിക മിനോൾട്ട ബിസിനസ്സ് സൊല്യൂഷൻസ്. കൊച്ചിയിൽ നടന്ന വാർഷിക സ്ട്രാറ്റജിക് പാർട്ണർ കോൺഫറൻസിലാണ് ഈ പുതിയ എം.എഫ്.പികൾ പ്രഖ്യാപിച്ചത്. ഈ പുതിയ സീരീസിൽ ഏഴ് എ3, എട്ട് എ4 കളർ മോഡലുകളും ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് മോഡലും ഉൾപ്പെടുന്നു. ഓഫീസ് ആവശ്യങ്ങൾക്കും പ്രിന്റിങ്ങിനും വേണ്ടി രൂപകൽപ്പന ചെയ്ത ഈ പ്രിന്ററുകൾ 15 വ്യത്യസ്ത മോഡലുകളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകും.വൈറസ് ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം, ത്രെറ്റ് ഡിറ്റക്ഷൻ, സ്റ്റാറ്റസ് റിപ്പോർട്ടിങ്, ക്ലൗഡ് ഇന്റഗ്രേഷൻ തുടങ്ങിയ അത്യാധുനിക സുരക്ഷാസംവിധാനങ്ങളോടെയാണ് ബിസ് ഹബ് ഐസീരീസ് എത്തുന്നത്. കൃത്യമായ ഫേംവെയർ അപ്ഗ്രേഡുകൾ, അനധികൃത ആക്സസ് തടയുന്നതിനുള്ള 'ഓതന്റിക്കേഷൻ അറ്റാക്ക് ഡിറ്റക്ഷൻ' എന്നിവ അടങ്ങുന്നതാണ് ഇതിന്റെ സെക്യൂരിറ്റി മാനേജ്മന്റ് സിസ്റ്റം. കൂടാതെ ഉപയോക്താവിന്റെ താല്പര്യപ്രകാരം ബിറ്റ് ഡിഫൻഡർ ആന്റിവൈറസ് സൗകര്യവും ലഭ്യമാണ്. ഇത് സുരക്ഷാ ഭീഷണികൾ മുൻകൂട്ടി അറിയിക്കുകയും ഉപകരണവുമായി ബന്ധപ്പെട്ട എല്ലാ അപ്ഡേറ്റുകളും അറിയിപ്പുകളായോ സ്റ്റാറ്റസ് റിപ്പോർട്ടുകളായോ ലഭ്യമാക്കുകയും ചെയ്യുമെന്ന് കോണിക മിനോൾട്ട ബിസിനസ് സൊല്യൂഷൻസ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ കാറ്റ്സുഹിസ അസാരി പറഞ്ഞു.ചെറുകിട സംരംഭങ്ങൾ, ചെറിയ പ്രിന്റ് ഷോപ്പുകൾ, വലിയ വ്യവസായങ്ങൾ എന്നിവയ്ക്കെല്ലാം അനുയോജ്യമാണ് ഈ എംഎഫ്പികൾ. ഹൈ സ്പീഡ് പ്രിന്റിംഗ്, അത്യാധുനിക സുരക്ഷ, ക്ലൗഡ് ഇന്റഗ്രേഷൻ എന്നിവ വാഗ്ദാനം ചെയ്യുന്ന ബിസ് ഹബ് ഐസീരീസ് സങ്കീർണ്ണമായ ജോലികളെ ലളിതമാക്കുന്നുവെന്നും കാറ്റ്സുഹിസ അസാരി പറഞ്ഞു.

## മദ്രാസ് ഐഐടി ബിഎസ് ഡിഗ്രി പ്രോഗ്രാം: ആദ്യ ബാച്ചിലെ 2500 പേർക്ക് നിയമനം

**കൊച്ചി:**ഐഐടി മദ്രാസ്സിൽ ഓൺലൈൻ ബിഎസ് ഡിഗ്രി കോഴ്സ് പൂർത്തിയാക്കിയ 2500ഓളം വിദ്യാർത്ഥികൾക്ക് മികച്ച സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. 850 വിദ്യാർത്ഥികൾ പ്രമുഖ യൂണിവേഴ്സിറ്റികളിൽ മാസ്റ്റേർസിനും പിഎച്ച്ഡി പ്രോഗ്രാമിനും പ്രവേശനം നേടി.നാല് വർഷം ദൈർഘ്യമുള്ള കോഴ്സിന്റെ ആദ്യ ബാച്ചിൽ പഠനം പൂർത്തിയായവർക്കാണ് അവസരങ്ങൾ ലഭിച്ചത്. നിലവിൽ 27,000ലധികം വിദ്യാർത്ഥികൾ ബിഎസ് ഡിഗ്രിക്ക് ചേർന്നിട്ടുണ്ട്. പുതിയ ബാച്ചിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തിയതി മെയ് 26 ആണ്. ജെഇഇ എഴുതാതെ തന്നെ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ ചേരാം. താൽപര്യമുള്ളവർ വേേു://ൗറ്യ.ശശോ.മര.ശി/റ/ എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്. വാർഷിക കുടുംബ വരുമാനം 5 ലക്ഷം രൂപയ്ക്ക് താഴെയുള്ള എല്ലാ വിദ്യാർത്ഥിനികൾക്കും വാർഷിക കുടുംബ വരുമാനം 15 ലക്ഷം രൂപയ്ക്കു താഴെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് പൂർണ്ണമായും ഇളവു ചെയ്തിട്ടുണ്ട്.

## മോണ്ടിസോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ മേയ് മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി, പ്ലസ് ടു, എസ്എസ്എൽസി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ: 7994449314.

